കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,

No.A&VB4/1307/2022 തിരുവനന്തപുരം, തീയതി:26.06.2025

കാരണം കാണിക്കൽ നോട്ടീസ്

പാല യൂണിറ്റിലെ സെക്കന്റ് ഗ്രേഡ് മെക്കാനിക്കായ ശ്രീ.രഞ്ജിത്ത്.ഒ എന്ന താങ്കൾ 15.01.2020 മുതൽ ജോലിയ്ക്ക് അനധികൃതമായി ഹാജരാകുന്നില്ല. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും, മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് കുറ്റകരമാണ്. ആയത് ഗ്യാരേജിന്റെ സുഗമമായ നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽകാരണങ്ങളാൽ പാല യൂണിറ്റിലെ സെക്കന്റ് ഗ്രേഡ് മെക്കാനിക്കായ ശ്രീ.രഞ്ജിത്ത്.ഒ എന്ന താങ്കൾക്ക് 1960 – ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 31.12.2022 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം കൈപ്പറ്റിയിട്ടും താങ്കൾ മറുപടി സമർപ്പിച്ചിട്ടില്ല. തുടർന്ന് നിശ്ചിത സമയപരിധിയ്ക്ക് ശേഷം ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി കോട്ടയം ജില്ലാധികാരിയെ ചുമതലപ്പെടുത്തുകയും താങ്കൾക്ക് എതിർവാദങ്ങളടങ്ങിയ വിശദീകരണം നേരിൽ ബോധിപ്പിക്കുവാൻ മതിയായ അവസരം നൽകിയിട്ടും നേരിൽ ഹാജരായിട്ടില്ലാത്തതും തുടർന്ന് ലഭ്യമായ രേഖകളുടെയും സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 29.11.2023 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് അയച്ചു നൽകുകയും ആയത് കൈപ്പറ്റിയതായുള്ള അക്നോളഡ്ജ്മെന്റ് കാർഡ് ലഭിച്ചിട്ടുള്ളതും മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

ഫയലും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം നൽകുന്നതിൽ താങ്കൾ പരാജയപ്പെട്ടു. 15.01.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽപ്രവൃത്തി ഗ്യാരേജിന്റെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹനുമാണ്.

ആകയാൽ. ശ്രീ.രഞ്ജിത്ത്.ഒ എന്ന താങ്കളെ 1960 – ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ, വിശദീകരണമോ നല്കുവാനില്ലായെന്ന് കണ്ട് അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ. ഷാജി
(ഗവ:അഡീഷണൽ സെക്രട്ടറി)
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ് :

ശ്രീ.രഞ്ജിത്ത് ഒ,മെക്കാനിക്ക് , പാല
(യൂണിറ്റ് അധികാരി, പാല മുഖാന്തരം)

പകർപ്പ്: യൂണിറ്റ് അധികാരി, പാല : ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതി വച്ച് ഒപ്പിട്ട് തിരിച്ചയക്കേണ്ടതാണ്.

ഫയൽ& സ്റ്റോക്ക് ഫയൽ

PVS